# 31. ഇന്ത്യ അണുബോംബ് ഉണ്ടാക്കണമോ?

പാകിസ്ഥാൻ അണുബോംബ് ഉണ്ടാക്കുന്നുണ്ടെന്ന വാർത്ത സ്ഥിരീകരിക്കപ്പെട്ടതോടെ, ഇന്ത്യയും അണുബോംബ് ഉണ്ടാക്കണമെന്ന ആവശ്യത്തിനു ശക്തി വർദ്ധിച്ചിരിക്കുന്നു.

പതിനെട്ടു വർഷം മുമ്പാണ് രാജസ്ഥാൻ മരുഭൂമിയിലെ പൊഖ്റാനിൽ ഇന്ത്യ അണുസ്ഫോടനപരീക്ഷണം സഫലമായി നടത്തിയത്. അണു-ആയുധങ്ങൾ സ്ഥിരമായി നിരോധിക്കണമെന്നു വാദിക്കുകയും ചേരിചേരാപ്രസ്ഥാനത്തിന്റെ നേതൃത്വം വഹിക്കുകയുംചെയ്യുന്ന ഇന്ത്യ അണുസ്ഫോടനത്തിനു മുതിർന്നതിലെ വൈരുദ്ധ്യം, അണു-ആയുധ ശക്തികൾ ഉൾപ്പെടെ ഇന്ത്യക്കെതിരായി ചിന്തിക്കുന്ന എല്ലാവരും, അന്നുമുതൽ ആവർത്തിച്ച് ഉന്നയിക്കാറുണ്ട്. സമാധാനപരങ്ങളായ ഉപയോഗങ്ങൾക്കുവേണ്ടി സ്വന്തമായി ഒരു അണു-സങ്കേതവിദ്യ വളർത്തിക്കൊണ്ടുവരികയാണ് ഇന്ത്യയുടെ ലക്ഷ്യമെന്ന്, ഈ ആക്ഷേപത്തിന് ഇന്ത്യ സമാധാനവും പറഞ്ഞുവന്നു. അണു-ആയുധ വ്യാപനനിരോധക്കരാറിൽ (എൻ. പി. ടി.) ഇന്ത്യ ഒപ്പിടണമെന്ന അമേരിക്കയുടെയും മററും നിർബന്ധത്തിന് ആ കരാർ തികച്ചും പക്ഷപാതപരമാണെന്ന കാരണത്താൽ ഇന്ത്യ വഴങ്ങിയിട്ടുമില്ല. അണു-ആയുധങ്ങൾ കൈവശമില്ലാത്ത രാഷ്ട്രങ്ങളെ അണു-ആയുധനിർമാണത്തിൽനിന്നു തടയാൻ ഉദ്ദേശിച്ചുള്ള ഈ കരാർ, ഇപ്പോൾ അണു-ആയുധം ഉണ്ടാക്കുന്ന രാഷ്ട്രങ്ങൾക്ക് ഈ ആയുധങ്ങളുടെ എണ്ണമോ, ശക്തിയോ വർദ്ധിപ്പിക്കുന്നതിൽ ഒരു തടസ്സവും സൃഷ്ടിക്കുന്നില്ല.

വേണമോ, വേണ്ടയോ? അണു-ആയുധ നിർമാണവിഷയത്തിൽ മുമ്പൊരിക്കലും നേരിട്ടിട്ടില്ലാത്ത തീക്ഷ്ണതയോടെ ഈ ധർമസങ്കടം ഇപ്പോൾ ഇന്ത്യയെ അഭിമുഖീകരിക്കുകയാണ്. പാകിസ്ഥാൻ അണു-ബോംബ് നിർമാണക്കഴിവ് ആർജിക്കുന്നതിനെ അമേരിക്ക തടയുമെന്ന മിഥ്യാമോഹം ഇന്ത്യയിൽ ചിലർക്കെങ്കിലും ഉണ്ടായിരുന്നു. ഈ ധാരണ ഇപ്പോൾ അമ്പേ തകർന്നിരിക്കുന്നു. അണു-ബോംബുകൾ നിർമിച്ചുകൊണ്ടിരിക്കുന്ന പാകിസ്ഥാന്, അവ ഇന്ത്യയിലെ ലക്ഷ്യങ്ങളിൽ തെററാതെ പ്രയോഗിക്കുന്നതിന് ആവശ്യമായ ക്ലററൻ വിമാനങ്ങളും റഡാർശൃംഖലപോലെയുള്ള അത്യാധുനിക യുദ്ധോപകരണങ്ങളും അമേരിക്ക തുടർന്നും നൽകിക്കൊണ്ടിരിക്കുകയാണ്. ഈ വസ്തുത നാം കാണാതിരുന്നുകൂടാ.

പാകിസ്ഥാന്റെ കൈയിൽ വേണ്ടത്ര അണുബോംബുകളും, അവ ഇന്ത്യയിൽ എവിടെ വേണമെങ്കിലും വീഴ്ത്തുന്നതിന് ആവശ്യമായ വിമാനങ്ങളും ഉണ്ടെന്ന യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽവേണം ഇനിയങ്ങോട്ട് ഇന്ത്യയെന്ന രാജ്യത്തിന്റെ രക്ഷയെപ്പററി ചിന്തിക്കുവാൻ. ജനാധിപത്യത്തിന്റെ പുറംചട്ട അണിഞ്ഞിട്ടുണ്ടെങ്കിലും, ഒരു പട്ടാളത്തലവന്റെ സ്വേച്ഛാധിപത്യ ഗവണ്മെൻറാണ് പാകിസ്ഥാനിലുള്ളതെന്ന സത്യവും നാം മറന്നുകൂടാ. പൊതുജനാഭിപ്രായത്തിന്റെ സമ്മർദം പാകിസ്ഥാൻ ഗവണ്മെൻറിന്റെ കൈകളെ നിയന്ത്രിക്കുന്നില്ല. ഇന്ത്യയോടുള്ള മതപരമായ വൈരത്തിൽനിന്നാണ് പാകിസ്ഥാൻ എന്ന രാഷ്ട്രം പിറന്നത്. മൂന്നു പ്രാവശ്യം പാകിസ്ഥാൻ ഇന്ത്യയെ ആക്രമിച്ചു പരാജയപ്പെട്ടു. ഇപ്പോഴും ഇന്ത്യയുടെ വിശാല ഭൂപ്രദേശങ്ങൾ പാകിസ്ഥാൻ സൈനികമായി കൈയടക്കിവെച്ചിരിക്കുകയാണ്.

ഇന്ത്യയുടെ ഭാഗമായ കാശ്മീർത്താഴ്വര പിടിച്ചെടുത്തു പാകിസ്ഥാനൽ ലയിപ്പിക്കുകയെന്നതു് പാകിസ്ഥാന്റെ പ്രഖ്യാപിതലക്ഷ്യമാകുന്നു. ബംഗ്ലാദേശിന്റെ വിമോചനത്തിൽ ഇന്ത്യ വഹിച്ച പങ്കു് ഇന്ത്യയോടു കടുത്ത പക പാകിസ്ഥാനിൽ വളർന്നുവരുന്നതിനു കാരണമായിട്ടുണ്ടു്. ഏതു സമയത്തും പാകിസ്ഥാനു് അനുകൂലമായി പ്രചാരണവും പ്രവർത്തനവും നടത്തുന്ന ഒരു ന്യൂനപക്ഷം ഇന്ത്യയിൽ മിക്ക പ്രദേശങ്ങളിലും ഉണ്ടു്. നിഷേധിക്കാനാവാത്ത വസ്തുതകളാണു് ഇവയെല്ലാം. ഇനിയും പാകിസ്ഥാനുമായി ഒരു യുദ്ധത്തിൽ ഇന്ത്യക്കു് ഏർപ്പെടേണ്ടിവരികയില്ല എന്നതിനു് യാതൊരു ഉറപ്പുമില്ല.

അങ്ങനെ ഒരു യുദ്ധം ഉണ്ടാവുന്നപക്ഷം, ഇന്ത്യയിലെ നിശ്ചിത ലക്ഷ്യങ്ങളിൽ അണുബോംബുകൾ പ്രയോഗിക്കുന്നതിൽനിന്നു് പാകിസ്ഥാനെ മററു് ആരെങ്കിലും തടഞ്ഞുനിർത്തുമെന്നു് ഇന്ത്യ കരുതേണ്ടതില്ല. കൂടുതൽ വലിയ തിരിച്ചടി ഉണ്ടാവുമെന്ന ഭയം മാത്രമേ ഇന്ത്യയിൽ അണുബോംബ് പ്രയോഗിക്കുംമുമ്പ് രണ്ടുവട്ടം ആലോചിക്കുവാൻ പാകിസ്ഥാനെ പ്രേരിപ്പിക്കുകയുള്ളു. അതായതു്, പാകിസ്ഥാന്റെ കൈയിൽ നൂറു് അണുബോംബുകളുണ്ടെങ്കിൽ, ഇന്ത്യയുടെ കൈയിൽ ആയിരം അണുബോംബുകളും, അവ ലക്ഷ്യത്തിൽ തെററാതെ വീഴ്ത്തുന്നതിനു കഴിവുള്ള റോക്കററുകളും ഉണ്ടെന്നും, യുദ്ധം നിശ്ചിതമെങ്കിൽ, ഒരുപക്ഷേ, അതു് ആരംഭിക്കുന്നതിനുമുമ്പുതന്നെ, ആദ്യത്തെ കനത്ത അടി ഇന്ത്യയുടെ ഭാഗത്തുനിന്നു് ഉണ്ടാവുമെന്നും, അതോടെ പാകിസ്ഥാൻ തകർന്നു തരിപ്പണമാകുമെന്നുമുള്ള യാഥാർത്ഥ്യബോധം പാകിസ്ഥാനിൽ പരക്കെ ഉളവാക്കുന്നതിനു കഴിയുമാറു്, പ്രകടനാത്മകതയോടെ, ഇന്ത്യ ഒരു അണു—ആയുധ ശേഖരവും റോക്കററു് ശൃംഖലയും നിർമിച്ചു് സദാ പ്രവർത്തനക്ഷമമാക്കി സൂക്ഷിക്കണം. ഈ രീതിയിൽ ചിന്തിക്കുന്നവരും വാദിക്കുന്നവരും ഇന്നു് ഇന്ത്യയിൽ കുറവല്ല.

പാകിസ്ഥാന്റെ കൈയിലുള്ള അണു—ആയുധങ്ങൾ ഇന്ത്യക്കു മാത്രമല്ല ഭീഷണി സൃഷ്ടിച്ചിട്ടുള്ളതു്. ലോകത്തിലെ ഏററവും സമ്പന്നങ്ങളായ എണ്ണപ്പാടങ്ങൾ അടങ്ങിയ ഗൾഫ് പ്രദേശത്തിനടുത്താണു് പാകിസ്ഥാന്റെ കിടപ്പു്. പാകിസ്ഥാന്റെ അണു—ആയുധ നിർമാണത്തിനു് 1972 മുതൽ ലിബിയയിലെ കേണൽ ഗദ്ദാഫിയും മററു ചില മുസ്ലിം സ്റ്റേററുകളുടെ തലവന്മാരും ഉദാരമായ സാമ്പത്തികസഹായം നൽകിവന്നിരുന്നതായി പരക്കെ വിശ്വസിക്കപ്പെട്ടുവരുന്നു. പാകിസ്ഥാന്റെ അണുബോംബിനു് 'ഇസ്ലാമിക ബോംബ്' എന്ന പേരു് നൽകിയതു് പാകിസ്ഥാനിൽ അണുബോംബ് നിർമാണത്തിനു തുടക്കമിട്ട ഭൂട്ടോ ആയിരുന്നു. പാകിസ്ഥാനിൽ നിർമിക്കപ്പെട്ട അണുബോംബുകൾ ഏതെങ്കിലും മുസ്ലിംരാഷ്ട്രങ്ങളോ, പാലസ്തീൻ വിമോചന സേനകളോ ഇസ്രായേലിനെതിരായി പ്രയോഗിച്ചുകൂടായ്കയില്ല. ലിബിയയുടെ മുഖ്യശത്രു ഈജിപ്താണു്. അണുബോംബ് പാകിസ്ഥാനിൽനിന്നു് ലിബിയയുടെ കൈയിൽ ചെന്നെത്തുകയാണെങ്കിൽ, അതിന്റെ ലക്ഷ്യം ഈജിപ്ത് ആയെന്നുവരാവുന്നതേയുള്ളു. പാകിസ്ഥാനും ഇറാനും തമ്മിൽ പല കാരണങ്ങൾകൊണ്ടും ശത്രുതയിലാണു്. അതിനാൽ പാകിസ്ഥാന്റെ അണുബോംബിനെ ഇറാനും ഭയപ്പെടുന്നുണ്ടാവണം. പാകിസ്ഥാൻ, ചൈന, അമേരിക്ക എന്നീ അണു—ആയുധ സജ്ജിതങ്ങളായ ശക്തികൾക്കെതിരെയുള്ള നിരയിൽ സോവിയററു് റഷ്യ, ഇന്ത്യ, ഇറാൻ എന്നീ രാഷ്ട്രങ്ങൾ അടുത്തടുത്തുനിന്നുകൂടായ്കയില്ല.

എന്തിനാണു് പാകിസ്ഥാൻ അണുബോംബ് നിർമിക്കുന്നതു്? പാകിസ്ഥാന്റെ അണുബോംബ്—നിർമാണത്തിന്റെ മുഖ്യലക്ഷ്യം

ഇന്ത്യയെ അസ്ഥിരപ്പെടുത്തുക എന്നതുതന്നെയാണ്. അതിർത്തികളിലൂടെയുള്ള ചോർന്നുകടക്കലും, അകത്തുനിന്നുള്ള അട്ടിമറികളുംമൂലം ഇന്ത്യ ദുർബലമാവുമ്പോൾ പാകിസ്ഥാനിലെ പട്ടാളം ഒരിക്കൽക്കൂടി കാശ്മീർ താഴ്‌വരയിലേക്ക് അതിക്രമിച്ചു കടന്നുകൂടായ്കയില്ല. ഈ തക്കം പാകിസ്ഥാന്റെ ഒരു സഖ്യരാഷ്ട്രമായ ചൈനയും ഉപയോഗപ്പെടുത്തിയേക്കാം. നേപ്പാൾ, ഭൂട്ടാൻ എന്നീ രാജ്യങ്ങൾക്കുമേൽ തങ്ങൾക്ക് ആധിപത്യമുള്ളതായി ചൈന വിശ്വസിക്കുന്നുണ്ട്. ഇന്ത്യയുടെ വകയായ ലഡ്ഡാഖിൽ ഇപ്പോൾ പിടിച്ചെടുത്ത പ്രദേശങ്ങൾക്കു പുറമെ, അരുണാചലപ്രദേശ് എന്ന സംസ്ഥാനം മുഴുവൻ ഉൾപ്പെടെ, ഹിമാലയത്തിലെ വിശാലമേഖലകൾ തങ്ങളുടേതാണെന്ന് ചൈന ഇപ്പോഴും അവകാശപ്പെടുന്നുണ്ട്. ഈ അവകാശവാദം ഒരു ഭൗമ–യാഥാർത്ഥ്യമാക്കി മാററാൻ കിട്ടുന്ന അവസരം എന്തിന് ചൈന ഉപയോഗപ്പെടുത്താതിരിക്കണം? ചൈനയും പാകിസ്ഥാനും ചേർന്ന് സോവിയററ് റഷ്യയുടെ അതിർത്തിയിൽ ഇങ്ങനെ ശക്തിത്താവളങ്ങൾ സൃഷ്ടിക്കുന്നതിൽ അമേരിക്കയ്ക്കും സന്തോഷമേ കാണുകയുള്ളൂ. യഥാർത്ഥ രാഷ്ട്രതന്ത്രത്തിലെ (റിയൽ പൊളിററിക്കിലെ) പരുഷവസ്തുതകളാണ് ഇവയെല്ലാം. അടിസ്ഥാനമില്ലാത്ത ആശങ്കകളെന്ന് ഇവയെ തള്ളിക്കളയുന്നതു് ദൂരവീക്ഷണ ശൂന്യതയായിരിക്കും.

ഈ പശ്ചാത്തലത്തിനെതിരെ നോക്കുമ്പോൾ, ഇന്ത്യയ്ക്ക് അണു-ആയുധങ്ങൾ ഉണ്ടാക്കാതെ ഇരിക്കാൻ പററുമോ? അണു–ആയുധസജ്ജിതമായ പാകിസ്ഥാനി–പടയ്ക്കെതിരെ പൊരുതാനുള്ള മനോവീര്യം അണു–ആയുധങ്ങളില്ലാത്ത ഇന്ത്യൻ സൈന്യത്തിന് ഉണ്ടാകുമോ? അണുബോംബിനെതിരെ വെറും തോക്കേന്തിയ ഭടന്മാരെ ഏതു് സേനാധിപതിയാണു നയിക്കുക?

ഇന്നത്തെ നിലയിലുള്ള അണു–ആയുധനിർമാണം തുടർന്നുപോകുന്നപക്ഷം, ഇനി പതിമ്മൂന്നുവർഷംകൂടി കഴിയുമ്പോഴേക്ക്, അതായതു് രണ്ടായിരാമാണ്ടിന്റെ തുടക്കത്തിൽ, പാകിസ്ഥാന്റെ കൈവശം മുന്നൂറോളം അണു–ആയുധങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട് എന്ന്, വിങ് കമാൻഡർ അമർ സുത്ഷി 1987 മെയ് 13–ലെ 'സ്റ്റേററ്സ്മാൻ' പത്രത്തിൽ എഴുതിയ ഒരു ലേഖനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇവ ഇന്ത്യയിലെ ലക്ഷ്യങ്ങളിൽവീഴ്ത്താൻ പാകിസ്ഥാൻ മുഖ്യമായി ഉപയോഗപ്പെടുത്തുക അമേരിക്ക നല്കിയ 'എഫ് 16–സി' എന്ന പടക്കുററൻ പോർവിമാനങ്ങളെയായിരിക്കും. സഖ്യരാഷ്ട്രമായ ചൈനയിൽനിന്ന് അണുബോംബുകൾ വഹിക്കുന്ന ഏതാനും റോക്കററുകളും (എസ്. എസ്. എം. എസ്.) പാകിസ്ഥാന് ലഭിച്ചുകൂടായ്കയില്ല. ഈ അണു–ആയുധപ്പടയെ ഇന്ത്യയുടെ അതിർത്തിയിൽ സജ്ജമാക്കിനിർത്തി, പാകിസ്ഥാൻസൈന്യം സാധാരണ ആയുധങ്ങളേന്തി കാശ്മീർ താഴ്‌വരയിലേക്ക് ആക്രമിച്ചുകടക്കുവാനാണ് സാദ്ധ്യത എന്ന് ആ ലേഖനത്തിൽ മി. സുത്ഷി പറയുന്നു. അണു–ആയുധങ്ങൾ പ്രയോഗിക്കാതെ, ഭീഷണികൊണ്ടുമാത്രം ഇന്ത്യയെ നിർവീര്യമാക്കാൻ കഴിയുമെന്നാവാം പാകിസ്ഥാന്റെ കണക്കുകൂട്ടൽ. ഇതോടൊപ്പം, അമേരിക്കൻ ആയുധങ്ങൾ ഉപയോഗപ്പെടുത്തി പാകിസ്ഥാൻ രാജസ്ഥാനിലേക്കു കടക്കുകയും, പഞ്ചാബ് 'വിമോചി'പ്പിച്ച് അവിടെ 'ഖാലിസ്ഥാൻ' സ്ഥാപിക്കുകയും ചെയ്തുകൂടായ്കയില്ല. ഇത്തരമൊരു സാഹസത്തിന് പാകിസ്ഥാൻ മുതിരുന്നപക്ഷം, അമേരിക്ക പാകിസ്ഥാനെ അതിൽനിന്നു വിലക്കുമെന്നു കരുതാൻ യാതൊരു കാരണവുമില്ല. മറിച്ച്, ഇന്ത്യ ഒരു ചെറുത്തുനിൽപ്പിനു തയ്യാറാവുംമുമ്പ് അമേരിക്ക ഐക്യരാഷ്ട്രസംഘടനയുടെ സെക്യൂരിററി കൗൺസിലിലൂടെ ഇടപെട്ട്, പാകിസ്ഥാൻ പിടി

ച്ചടക്കിയതും ഇന്ത്യക്കു നഷ്ടപ്പെട്ടതുമായ സ്ഥലങ്ങളിൽ അപ്പോഴത്തെ നില (സ്റ്റാററസ്ക്വോ) സ്ഥിരപ്പെടുത്തുവാൻ ശ്രമിച്ചുകൂടായ്കയില്ല. കാശ്മീരിൽ ഇതാണല്ലോ നമ്മുടെ അനുഭവം.

ഇതിനുള്ള പ്രതിവിധി ഇന്ത്യ അണു–ആയുധസജ്ജമാവുകയാണെന്ന് മി. സുത്ഷി പറയുന്നു. പാകിസ്ഥാനിൽ ഉള്ളതിനേക്കാരം എത്രയോ കൂടുതൽ ഭൗതികവിഭവങ്ങളും മാനുഷികവിഭവങ്ങളും ഇന്ത്യയിലുണ്ട്. പാകിസ്ഥാൻ ഒരു അണുബോംബ് നിർമിക്കുന്ന സമയംകൊണ്ട് രണ്ട് അണുബോംബുകരം ഉണ്ടാക്കാൻ ഇന്ത്യക്കു സാധിക്കും. ഇവ ലക്ഷ്യത്തിൽ വിക്ഷേപിക്കുന്നതിനുള്ള റോക്കററുകരം നിർമിക്കുവാനുള്ള സാങ്കേതിക വൈദഗ്ദ്ധ്യവും ഇന്ത്യയിലുണ്ട്. റാവൽപ്പിണ്ടിയിലും ലാഹോറിലും ഓരോ അണുബോംബുകരം പൊട്ടിത്തെറിക്കേണ്ട താമസം, പാകിസ്ഥാൻ എന്ന രാഷ്ട്രം ഇല്ലാതാവുമെന്ന് മി. സുത്ഷി പറയുന്നു. എന്നാൽ, പത്ത് അണുബോംബുകരം ഇന്ത്യയിൽ വീണു പൊട്ടിയാലും, ഇന്ത്യ എന്ന വിശാലമായ രാഷ്ട്രം അതിജീവിക്കുകതന്നെചെയ്യും. ഇന്ത്യയോടൊപ്പം സൈനികശക്തി നേടാൻ പാകിസ്ഥാന് ഒരിക്കലും സാദ്ധ്യമല്ല. അതേസമയം, സ്വന്തം താല്പര്യങ്ങരം സംരക്ഷിക്കുന്നതിൽ ഇന്ത്യ വിട്ടുവീഴ്ചവരുത്തുകയാണെങ്കിൽ ചരിത്രം ഇന്ത്യക്കു മാപ്പുനൽകുകയുമില്ല.

അണു–ആയുധ സജ്ജിതമായ ഇന്ത്യക്ക് റഷ്യ നൽകുന്നതുപോലെ ശക്തമായ പിന്തുണ ജപ്പാനും നൽകിക്കൂടായ്കയില്ല എന്ന് മി. സുത്ഷി കരുതുന്നു. ജപ്പാനും അമേരിക്കയും തമ്മിൽ വാണിജ്യരംഗത്തുള്ള മത്സരം ഇപ്പോരംതന്നെ കൊടുമ്പിരിക്കൊണ്ടുകഴിഞ്ഞിട്ടുണ്ട്. അയൽപക്കമായ ചൈനയുടെ വിസ്താരമോഹത്തിന്, സ്വാഭാവികമായും, ജപ്പാൻ എതിരായിരിക്കും. അതിനാൽ, ചൈനക്ക് എതിരായ ഇന്ത്യയുമായി ജപ്പാൻ സൗഹാർദത്തിൽ വർത്തിക്കുകയെന്നതു സ്വാഭാവികമാകുന്നു. ബുദ്ധമതത്തിന്റെ പ്രഭവമെന്നനിലയിൽ ഇന്ത്യയോട് ജപ്പാൻകാർക്ക് ആദരവുണ്ട്. സാങ്കേതിക–വാണിജ്യരംഗങ്ങളിൽ ഇന്ത്യയും ജപ്പാനും തമ്മിലുള്ള സഹകരണം എത്രയെങ്കിലും വർദ്ധിക്കാവുന്നതേയുള്ളു. എല്ലാംകൊണ്ടും ഏഷ്യയിൽ പാകിസ്ഥാൻ–ചൈന–അമേരിക്കൻ കൂട്ടുകെട്ടിന്റെ അതിമോഹങ്ങരംക്കെതിരെ ശക്തിയേറിയ ഒരു ഇന്ത്യ–സോവിയററ്–ജപ്പാൻ കൂട്ടുകെട്ട ഭാവിയിൽ നിലവിൽ വന്നുകൂടായ്കയില്ല.

ഇതു പ്രശ്നത്തിന്റെ ഒരു വശം. തുല്യപ്രാധാന്യമുള്ള മറേറ വശവും നാം കാണാതിരുന്നുകൂടാ. ഭരണപരമായി രണ്ടു വ്യത്യസ്ത രാഷ്ട്രങ്ങളെങ്കിലും, പാകിസ്ഥാനും ഇന്ത്യയും നിലകൊള്ളുന്നത് ഒരേ ഇന്ത്യൻ വൻകരയിലാണ്. ലാഹോറിലോ, റാവൽപ്പിണ്ടിയിലോ വീഴുന്ന അണുബോംബുകളുടെ തീ ഇന്ത്യയിലേക്കു പടർന്നേക്കുകയില്ല. എന്നാൽ, അവ ഉണ്ടാക്കുന്ന മാരകമായ അണുപ്രസരണത്തിൽനിന്നു് ദില്ലിയോ, കൽക്കത്തപോലുമോ രക്ഷപ്പെടാനിടയില്ല. റഷ്യയിൽ ചെർണോബില്ലിലെ അണുവൈദ്യുതീനിലയത്തിലുണ്ടായ പൊട്ടിത്തെറിയിലെ അണുപ്രസരണം എത്രയോ ദൂരെ നോർവേവരെയും ഐർലാൻഡ്വരെയും ചെന്നെത്തിയെന്ന വസ്തുത നാം മറക്കാതിരിക്കുക. അതുപോലെ ദില്ലിയിലോ, ബോംബെയിലോ അണുബോംബു പൊട്ടിയശേഷം പാകിസ്ഥാനിൽ സുഖജീവിതം തുടരാൻ ജനങ്ങരംക്കു സാദ്ധ്യമാവില്ലെന്നതും ഉറപ്പാണ്. ഇന്ത്യൻ വൻകരയിൽ അണു–ആയുധപ്രയോഗം നടന്നുകൂടെന്നതുപോലെ തന്നെ പ്രധാനമാണ്, ഈ വൻകരയിലെ–പാകിസ്ഥാനിലെയും ഇന്ത്യയിലെയും–ദരിദ്രരായ ജനകോടികളുടെ ജീവിതം മെച്ചപ്പെടുത്താൻ ഉപയോഗപ്പെടുത്തേണ്ട ദുർലഭവിഭവങ്ങരം ആയുധസംഭരണത്തിനായി ദുർവ്യയംചെയ്യക്കൂടെന്നതും. അതായതു്, അണു–ആയുധ പ്രയോഗംപോ

ലെതന്നെ ഇന്ത്യയും പാകിസ്ഥാനും അണു-ആയുധ നിർമ്മാണത്തെയും അണു-ആയുധ സംഭരണത്തെയും വർജിക്കേണ്ടിയിരിക്കുന്നു. സമ്പന്നങ്ങളായ പാശ്ചാത്യരാഷ്ട്രങ്ങളുടെ ഈ കള്ളക്കളിയിൽ ദരിദ്രരാഷ്ട്രങ്ങൾ ഒരിക്കലും പങ്കാളികളായിക്കൂടാ.

അണു-ആയുധ ഭീഷണിയുടെ യഥാർത്ഥ രൂപം പാകിസ്ഥാനിലെയും ഇന്ത്യയിലെയും ബഹുജനങ്ങളുടെ മുമ്പിൽ ശരിയായ വെളിച്ചത്തിൽ സമർപ്പിക്കുവാൻ രണ്ടു രാഷ്ട്രങ്ങളിലെയും ബുദ്ധിജീവികളും മാദ്ധ്യമങ്ങളും ഇളവില്ലാതെ യത്നിക്കേണ്ടിയിരിക്കുന്നു. ഈ രണ്ടു രാഷ്ട്രങ്ങളും തമ്മിൽ ചർച്ചകളിലൂടെ പരിഹരിക്കാനാവാത്ത ഒരു പ്രശ്നവും ഇന്നില്ല. സമാധാനത്തിന്റെ സുഗമമായ മാർഗത്തിനുപകരം യുദ്ധത്തിന്റെ, പ്രത്യേകിച്ചും അണുയുദ്ധത്തിന്റെ, സർവസംഹാരകമായ മാർഗം തിരഞ്ഞെടുക്കുന്നതു് ആർക്കും ഒരു ഗുണവും ചെയ്കയില്ല. ഉദാത്തമായ ഭാരതീയ സംസ്കാരത്തിൽ ഇന്ത്യക്കാരെപ്പോലെതന്നെ പങ്കാളികളാണു് പാകിസ്ഥാൻകാരും. അഹിംസയുടെയും മൈത്രിയുടെയും കരുണയുടെയും സന്ദേശം ലോകത്തിൽ ഏതെങ്കിലുമൊരു മതവിഭാഗക്കാർക്കു മാത്രമുള്ളതല്ല.

യാഥാർത്ഥ്യങ്ങൾ നാം കാണാതിരുന്നുകൂടാ. അതേസമയം, ജനങ്ങളുടെ ദീർഘകാല താല്പര്യങ്ങൾക്കു് അനുകൂലമായ മാററം പരുഷങ്ങളായ യാഥാർത്ഥ്യങ്ങളിൽ വരുത്തിത്തീർക്കുന്നതിനുള്ള ശ്രമം ഒരിക്കലും കൈവിടുകയുമരുതു്. പാകിസ്ഥാനും ഇന്ത്യയും അണു-ആയുധങ്ങൾ നിർമിക്കാൻ പാടില്ല. അവ പരസ്പരം പ്രയോഗിക്കുന്നതിനെപ്പററി ഈ രണ്ടു രാഷ്ട്രങ്ങളിലെയും ജനങ്ങൾ ആലോചിക്കുകകൂടി അരുതു്.

'ചൂഴ്ന്നു് അടുക്കുന്ന അന്ധകാരത്തിൽ,
കാരുണ്യമുള്ള വെളിച്ചമേ,
ഞങ്ങളെ നയിക്കുക.'

എന്ന ഗാന്ധിജിയുടെ പ്രാർത്ഥന നമുക്കും ആത്മാർത്ഥതയോടെ ആവർത്തിക്കുക. അടുത്ത കാൽവെപ്പിനുള്ള സ്ഥലം അപ്പോൾ തെളിഞ്ഞുവരാതിരിക്കുകയില്ല.

(20 മെയ്, 1987)

# 32. നിയമസഭ കോടതിയാകുമ്പോൾ...

പ്രസിദ്ധ തമിഴ് വാരികയായ 'ആനന്ദവികട'ന്റെ മാർച്ച് 29-ാം തീയതിയിലെ ലക്കത്തിന്റെ പുറംചട്ടയിൽ ഒരു ബഹുവർണ്ണ കാർട്ടൂൺ ചിത്രം പ്രസിദ്ധീകരിച്ചിരുന്നു. ഒരു പ്രസംഗവേദിയിൽ ഉച്ചഭാഷിണിയുടെ മുമ്പിൽ കസേരകളിൽ ഇരിക്കുന്ന രണ്ടുപേരെ ഈ ചിത്രത്തിന്റെ മദ്ധ്യത്തിൽ കാണാമായിരുന്നു. തമിഴിൽ, താഴെ ചേർക്കുന്ന അർത്ഥം വരുന്ന ഒരു സംഭാഷണശകലം ചിത്രത്തിനടിയിൽ ഉണ്ടായിരുന്നു.

'മേടയിൽ ഇരിക്കുന്ന രണ്ടുപേരിൽ ആരാണു് എം. എൽ. എ., ആരാണു മന്ത്രി?'

'പോക്കററടിക്കള്ളനെപ്പോലെയുള്ള ആൾ എം. എൽ. എ., മുഖംമൂടിക്കൊള്ളക്കാരനെപ്പോലെയുള്ള ആൾ ആണു് മന്ത്രി.'

വളരെ തരംതാഴ്ന്ന ഒരു കാർട്ടൂൺ ആയിരുന്നു ഇതെന്നു പറയാതെ തരമില്ല. പൊതുരംഗത്തു പ്രവർത്തിക്കുന്നവരുടെ പ്രവൃത്തിവൈകല്യങ്ങൾ തീക്ഷ്ണമായും ചിരിപ്പിക്കത്തക്കവിധത്തിലും തുറന്നു കാട്ടുകയാണു് രാഷ്ട്രീയ കാർട്ടൂണുകളുടെ ഉദ്ദേശ്യം. അത്തരമൊരു ഉദ്ദേശ്യം ഈ ചിത്ര